## വെയ്സ് ആന്റ് മീൻസ് അഡ്വാൻസും ഓവർ ഡ്രാഫ്റ്റും

37 (1092) ശ്രീ. എം. മുരളി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എത്രയാണ് ;

(ബി) അതിനുള്ള പലിശ എത്രയാണ് ;

(സി) ഓവർഡ്രാഫ്റ്റിന്റെ പലിശ എത്രയാണ് ;

(ഡി) വെയ്സ് ആന്റ് മീൻസ് അഡ്വാൻസും ഓവർഡ്രാഫ്റ്റും അടച്ചുതീർക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഇ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം വെയ്സ് ആന്റ് മീൻസ് അഡ്വാൻസിനും ഓവർഡ്രാഫ്റ്റിനും ഇതുവരെ എന്തു തുക പലിശ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 155. 48 കോടി

(ബി) 8% വാർഷിക പലിശ

(സി) 10% വാർഷിക പലിശ

(ഡി) വെയ്സ് ആന്റ് മീൻസിന് സമയപരിധിയില്ല, ഓവർഡ്രാഫ്റ്റിന് തുടർച്ചയായ പത്ത് ദിവസം എന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്.

(ഇ) 1998-99 സാമ്പത്തികവർഷം വരെ 3.91 കോടി രൂപ. 1999-2000 വർഷത്തെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ പക്കൽനിന്നും ലഭിച്ചിട്ടില്ല.

## വ്യയനിയന്ത്രണ നടപടികൾ

38(1093) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യയനിയന്ത്രണം സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ നടപ്പാക്കൽ നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly